കവർസ്റ്റോറി

ഷാനവാസ് കൊല്ലം

# റമദാൻ ആത്മവിശുദ്ധിയിലേക്കൊരു രാജപാത



**ദൈവസന്നിധിയിൽ നോമ്പിനെ ഇത്രമേൽ പ്രിയങ്കരമാക്കുന്നതെന്താകും? ഇത്രയധികം പുണ്യങ്ങൾ എങ്ങനെയാവും നോമ്പിൽ മേളിക്കുന്നത്? നോമ്പ് മനുഷ്യനിൽനിന്ന് ആവശ്യപ്പെടുന്ന ത്യാഗവും സഹനവുമാണിതിന്റെ മുഖ്യ കാരണം. ഓരോ വ്യക്തിയും നിർബന്ധമായും ഇത്രയേറെ സഹിക്കുകയും ത്യജിക്കുകയും ചെയ്യേണ്ടിവരുന്ന മറ്റൊരു കർമവും ഇസ്‌ലാമിലില്ല.**

**പുണ്യങ്ങളുടെ** നിറവസന്തം തീർത്തുകൊണ്ട് വീണ്ടും ഒരു റമദാൻ കൂടി. നന്മയുടെ എല്ലാ ആരാമങ്ങളും പൂക്കുകയും എല്ലാ നിറങ്ങളും മേളിക്കുകയും എല്ലാ സുഗന്ധങ്ങളും പരക്കുകയും ചെയ്യുന്ന കാലം. റമദാനും നോമ്പും സമർപ്പിക്കുന്നതിനപ്പുറം യാതൊരു നന്മയും പുണ്യവും വിഭാവന ചെയ്യാനാർക്കുമാവില്ല. നബിയിൽനിന്ന് അബൂഹുറയ്‌റ(റ) നിവേദനം ചെയ്യുന്നു: “മനുഷ്യന്റെ കർമങ്ങളെല്ലാം അവന്റേതാണ്, നോമ്പൊഴിച്ച്. അതെനിക്കുള്ളതാണ്. അതിന് ഞാനാണ് പ്രതിഫലം നൽകുക എന്ന് പ്രതാപവാനും മഹാനുമായ അല്ലാഹു പറഞ്ഞിരിക്കുന്നു. നോമ്പുകാരന് രണ്ട് സന്തോഷാവസരങ്ങളുണ്ട്. നോമ്പ് തുറക്കുമ്പോൾ അതിൽ സന്തോഷിക്കുന്നു. തന്റെ നാഥനെ കണ്ടുമുട്ടുമ്പോഴും തന്റെ നോമ്പിൽ അയാൾ സന്തോഷിക്കുന്നതാണ്” (അഹ്മദ്, മുസ്‌ലിം, നസാഈ).

നബിയിൽനിന്ന് അബ്ദുല്ലാഹിബ്നു അംറ് നിവേദനം ചെയ്യുന്നു: “നോമ്പും ഖുർആനും അന്ത്യദിനത്തിൽ അടിമക്കുവേണ്ടി ശിപാർശ ചെയ്യുന്നതാണ്. നോമ്പ് പറയും: ‘നാഥാ! ഞാനവനെ പകൽ ആഹാരത്തിൽനിന്നും കാമ വികാരങ്ങളിൽനിന്നും തടയുകയുണ്ടായി. അതിനാൽ അവന്റെ കാര്യത്തിൽ എന്റെ ശിപാർശ സ്വീകരിക്കേണമേ.’ ഖുർആൻ പ

റയും: 'ഞാനവനെ രാത്രി നിദ്രയിൽ നിന്നും തടഞ്ഞിരുന്നു. അതുകൊണ്ട് അവന്റെ കാര്യത്തിൽ എന്റെ ശിപാർശ സ്വീകരിക്കേണമേ'. അങ്ങനെ അവ രണ്ടിന്റെയും ശിപാർശ സ്വീകരിക്കപ്പെടുന്നതാണ്" (അഹ്മദ്).

അബൂ ഉമാമ(റ) പറയുന്നു: "ഞാൻ റസൂലിന്റെ അടുക്കൽ ചെന്ന് എനിക്ക് സ്വർഗപ്രവേശം നേടിത്തരുന്ന വല്ല കർമവും ഉപദേശിച്ചുതരണമെന്ന് ആവശ്യപ്പെട്ടു. നബി(സ) പറഞ്ഞു: 'നോമ്പനുഷ്ഠിച്ചുകൊള്ളുക. അതിന് തുല്യമായി മറ്റൊന്നുമില്ല.' രണ്ടാമതും ഞാൻ ചെന്നു. അപ്പോഴും നബി(സ) ആദ്യത്തെ മറുപടി തന്നെ നൽകി"(അഹ്മദ്, നസാഈ, ഹാകിം).

സഹ്ലുബ്നു സഅ്ദ് നബി(സ) യിൽനിന്ന് നിവേദനം ചെയ്യുന്നു: "സ്വർഗത്തിൽ റയ്യാൻ എന്നു പേരുള്ള ഒരു വാതിലുണ്ട്. നോമ്പുകാരെവിടെ എന്ന് അന്ത്യദിനത്തിൽ ചോദിക്കപ്പെടും. അവരിൽ ഏറ്റവും ഒടുവിലത്തെ ആളും പ്രവേശിച്ചു കഴിഞ്ഞാൽ ആ വാതിൽ അടക്കപ്പെടും." (ബുഖാരി, മുസ്ലിം).

ദൈവസന്നിധിയിൽ നോമ്പിനെ ഇത്രമേൽ പ്രിയങ്കരമാക്കുന്നതെന്താകും? ഇത്രയധികം പുണ്യങ്ങൾ എങ്ങനെയാവും നോമ്പിൽ മേളിക്കുന്നത്? നോമ്പ് മനുഷ്യനിൽനിന്ന് ആവശ്യപ്പെടുന്ന ത്യാഗവും സഹനവുമാണിതിന്റെ മുഖ്യ കാരണം എന്ന് കാണാൻ പ്രയാസമില്ല. ഓരോ വ്യക്തിയും നിർബന്ധമായും ഇത്രയേറെ സഹിക്കുകയും ത്യജിക്കുകയും ചെയ്യേണ്ടി വരുന്ന മറ്റൊരു കർമവും ഇസ്ലാമിലില്ല. ഓരോ വിശ്വാസിയും റമദാന്റെ അഗ്നിശുദ്ധി പ്രക്രിയയിലൂടെ കടന്നുപോകേണ്ടതനിവാര്യമാണ്. 'റമദാൻ' എന്ന പദം തന്നെയും 'കരിച്ചുകളയുക' എന്ന ആശയത്തെ ധ്വനിപ്പിക്കുന്നുണ്ട്. 'വിശപ്പും ദാഹവും സഹിക്കുക, ലൈംഗിക സംയമനം പാലിച്ചുകൊൾക, വാക്കും പ്രവൃത്തിയും സൂക്ഷിക്കുക' എന്ന് ഒട്ടും വളച്ചുകെട്ടില്ലാതെ പരുഷമെന്ന് തോന്നാവുന്ന, ഒരു വിശ്വാസിക്കും ഒഴിഞ്ഞുമാറാനാവാത്ത ഒരാവശ്യമാണതുന്നയിക്കുന്നത്.

## അൽപം കാർക്കശ്യം മാനവതക്കുവേണ്ടി

ലൗകികജീവിതത്തിന്റെ ആനന്ദ നിഷേധത്തെ ചോദ്യം ചെയ്യുന്ന (ഖുർആൻ 7:32) ഒരു ജീവിതസംഹിത എന്തുകൊണ്ട് കുറഞ്ഞ കാലത്തേക്കാണെങ്കിലും വർജനം നിർദേശിക്കുന്നു എന്നാലോചിക്കാവുന്നതാണ്. യഥാർഥത്തിൽ ഇസ്ലാം മുന്നോട്ടുവെക്കുന്ന മധ്യമമാർഗത്തിന്റെ സവിശേഷതയാണത്. മനുഷ്യജീവിതത്തിലെ വൈരുധ്യങ്ങളെ സംയോജിപ്പിക്കാനുള്ള കഴിവാണ് അതിനെ പ്രായോഗികമാക്കുന്നത്. ഭോഗത്തോടൊപ്പം വർജനം കൂടി സംയോജിപ്പിക്കപ്പെടുന്നതിലൂടെ മാത്രമേ അർഥപൂർണമായ മാനവികത കെട്ടിപ്പടുക്കാനാവൂ എന്നൊരു പാഠമാണ് നോമ്പിൽനിന്ന് കിട്ടുന്നത്. ഈ രണ്ട് ആത്യന്തികതകളിലൊരിടത്തും മനുഷ്യൻ ഉറച്ചുപോകാൻ പാടില്ല. ആവശ്യാനുസരണം ഒരുവശത്തുനിന്ന് മറുവശത്തേക്ക് പോകാനും തിരിച്ചുവരാനുമുള്ള സാധ്യത എപ്പോഴുമവിടെയുണ്ടാകണം. ഇങ്ങനെ അയവും ലാളിത്യവുമുള്ള ഒരു ജീവിതമാണ് മനുഷ്യന് കരണീയമായിട്ടുള്ളത്. ഇത് ഉറപ്പുവരുത്താൻ ഇസ്ലാമിന് മാത്രമേ കഴിയൂ.

തത്ത്വദീക്ഷയില്ലാത്ത ഭോഗവും വർജനവും അമാനവികമാണ്. ഇതിൽ ആദ്യം പറഞ്ഞതാണ് മുതലാളിത്തം ചെയ്യുന്നത്. അവിടെ ജീവിതമെന്നാൽ ഭോഗം തന്നെയാണ്. വർജനവും സഹനവുമെല്ലാം ഏതു നിലക്കും താത്ത്വികമായും പ്രായോഗികമായും മണ്ടത്തരമാണിവിടെ. ലോകത്തെ ഏറ്റവും വലിയ ഉപഭോക്തൃ സമൂഹം മുതലാളിത്ത സമൂഹങ്ങളായതിനു കാരണം മറ്റൊന്നല്ല.

രണ്ടാമതു പറഞ്ഞതാണ് സന്യാസത്തിന്റെ രീതി. അനുഭൂതിയുടെയും ആസ്വാദനത്തിന്റെയും എല്ലാ വാതിലുകളും കൊട്ടിയടക്കുകയാണിവിടെ ചെയ്യുക. ആദ്യത്തെ മാർഗം മൃഗീയതയുടെ തലത്തിലേക്ക് മനുഷ്യനെ താഴ്ത്തുമ്പോൾ, മാലാഖമാരുടെ പദവിയിലേക്ക് മനുഷ്യനെ അവരോധിക്കാനുള്ള വൃഥാ ശ്രമമാണ് സന്യാസം നടത്തുന്നത്.

ഇസ്ലാം വിഭാവന ചെയ്യുന്ന മധ്യമമാർഗത്തിലേക്ക് മനുഷ്യനെ പരിശീലിപ്പിച്ചെടുക്കുന്ന ഒരു സംവിധാനമാണ് ഒരർഥത്തിൽ നോമ്പ്. അല്ലാഹുവിന്റെ പൊതുവായ ചില നിബന്ധനകൾക്കും നിർദേശങ്ങൾക്കും വിധേയമായി വിശ്വാസി താരതമ്യേന സ്വതന്ത്രമായിത്തന്നെ ലൗകികാനുഭൂതികൾ നുകർന്നുകൊണ്ട് ജീവിക്കുകയായിരുന്നു. അകന്ന ചില രേഖകളും വിദൂരമായ ചില അതിരുകളുമുണ്ടെന്നതൊഴിച്ചാൽ, മാനവികമായ ആഹ്ലാദങ്ങളും ലൗകികമായ അനുഭൂതികളും നേടുന്നതിൽ ഇസ്ലാം അവനുമുന്നിൽ അസഹനീയമായ തടസ്സങ്ങളൊന്നും വെക്കുന്നില്ല.

എന്നാൽ നോമ്പ് സ്വൽപം കർക്കശമാവുന്നത് മാനവികതയുടെ തന്നെ താൽപര്യങ്ങൾക്കു വേണ്ടിയാണ്. നോമ്പ് മനുഷ്യനോടൊപ്പം ചരിത്രത്തിലെന്നുമുണ്ടായിരുന്നു എന്ന് ഖുർആൻ സമർഥിക്കുന്നുണ്ടല്ലോ (2:183). ഈ കാർക്കശ്യം ഒരു ജാഗ്രതയാണ്. താൻ കടന്നുവരുന്ന വഴികളെക്കുറിച്ചുള്ള തീക്ഷ്ണമായ വിചിന്തനങ്ങൾക്ക് ഈ ജാഗ്രത ഉപകാരപ്പെടും. മനുഷ്യജീവിതത്തിന്റെ ഒരു സ്വഭാവം, അനുവദനീയതയുടെ മാർഗത്തിലൂടെ തന്നെ പലപ്പോഴും നിഷിദ്ധതകളും ഒളിച്ചുകടത്തപ്പെടുന്നു എന്നതാണ്. അതിനാൽ ഇടക്കിടക്ക് ചില സിഗ്നൽ പോയിന്റുകളും ചില കസ്റ്റംസ് പരിശോധനകളുമൊക്കെ അനിവാര്യമായി വരും. വന്ന വഴികളെക്കുറിച്ച വിചാരണകൾക്കു മാത്രമല്ല, പോകാനുള്ള വഴികളെക്കുറിച്ച് ആസൂത്രണം നടത്താനും ഇതനിവാര്യമാണ്. അവിഹിതമായത് വല്ലതും കൈയിൽ കരുതിയിട്ടുണ്ടോ, ആവശ്യമായത് വല്ലതും എടുക്കാതെ വിട്ടിട്ടുണ്ടോ എന്നെല്ലാം പരിശോധിക്കാനും ആവശ്യമായ പരിഹാരങ്ങൾ കണ്ടെത്താനും ഇത് ഉപകാരപ്പെടും.

## നിയന്ത്രണത്തിലൂടെ ജാഗ്രത

ചില കാര്യങ്ങൾ നിയന്ത്രിക്കുന്നതിലൂടെ എങ്ങനെയാണ് ജാഗ്രത കൈവരിക എന്നും ആലോചിക്കാവുന്നതാണ്.

മനുഷ്യനും ഭൗതിക പ്രകൃതിയും തമ്മിലുള്ള നിരന്തരവും ബോധപൂർവവുമായ പ്രതിപ്രവർത്തനത്തിന്റെ പ്രധാനപ്പെട്ട രണ്ട് മാധ്യമങ്ങളാണ് ഭക്ഷണവും ലൈംഗികതയും. ഏറ്റവും മുഖ്യമായത് ശ്വാസോഛ്വാസമാണെങ്കിലും ഓരോ നിമിഷത്തിലുമുള്ള ജീവന്റെ ലഭ്യത ഉറപ്പുവരുത്തിക്കൊണ്ട്, ബോധത്തിലും അബോധത്തിലും ഉറക്കത്തിലുമൊക്കെ നമ്മുടെ ബോധപൂർവമായ ശ്രമമില്ലാതെ തന്നെ അത് തുടർന്നുകൊണ്ടേയിരിക്കും. നീട്ടിവെക്കാനോ വൈകിപ്പിക്കാനോ സാധ്യമല്ലാത്ത ഈ പ്രക്രിയ നിയന്ത്രിക്കാൻ സാധ്യമല്ലാത്തതും നിയന്ത്രിക്കേണ്ട ആവശ്യമില്ലാത്തതുമാണ്. എന്നാൽ ഭക്ഷണവും ലൈംഗികതയും അങ്ങനെയല്ല. ഒരുക്കവും ആസൂത്രണവും ആവശ്യമുള്ളതും, ബോധപൂർവമായി ഉണർച്ചയിൽ മാത്രം നിർവഹിക്കാൻ കഴിയുന്നതുമാണ്. മനുഷ്യന്റെ തെരഞ്ഞെടുപ്പുകൾക്കും ജീവിത വീക്ഷണത്തിനും പാരമ്പര്യങ്ങൾക്കും ചുറ്റുപാടുകൾക്കും അറിവിനുമൊക്കെ ഇവയുടെ രീതിയെയും സമയത്തെയും ഹിതാഹിതങ്ങളെയും നിർണയിക്കുന്നതിൽ വലിയ പങ്കുണ്ട്. മറ്റൊരർഥത്തിൽ മനുഷ്യന്റെ സംസ്കാരം, നൈതികത,

സദാചാരം, ആത്മീയത, നാഗരികത എല്ലാം രൂപപ്പെടുത്തുന്നതിൽ ഇവക്ക് നിർണായക പ്രാധാന്യമുണ്ട് എന്നു കാണാം. ഓരോ ദർശനങ്ങളും മനുഷ്യനെക്കുറിച്ച കാഴ്ചപ്പാട് സമർപ്പിക്കുമ്പോൾ ലൈംഗികത സംബന്ധിച്ച അവയുടെ വീക്ഷണവും പ്രഖ്യാപിക്കാറുണ്ട്. മുതലാളിത്തത്തിന്റെ ഉദാര ലൈംഗികതയും കമ്യൂണിസത്തിന്റെ സ്ഥാപനവത്കൃത വിരുദ്ധ ലൈംഗികതയും ഇവിടെ ഓർക്കാവുന്നതാണ്.

മനുഷ്യനും ഭൗതിക പ്രകൃതിയുമായുള്ള പ്രതിപ്രവർത്തനത്തിന്റെ മാർഗങ്ങളാണ് ലൈംഗികതയും ഭക്ഷണവും എന്നു സൂചിപ്പിച്ചിരുന്നു. ഈ പ്രക്രിയകളിൽ ഓരോ തവണ ഏർപ്പെടുമ്പോഴും പ്രകൃതി തന്നിൽ നിറയുകയും താൻ പ്രകൃതിയിൽ നിറയുകയുമാണ്. ഈയൊരു വിനിമയത്തിലൂടെ മനുഷ്യൻ തന്റെ മാനവികതയെ ആസ്വദിക്കുകും ആഘോഷിക്കുകയുമാണ് ചെയ്യുന്നത്. ഭൂമിയിലെ ദൈവത്തിന്റെ പ്രതിനിധി എന്ന സാന്നിധ്യത്തെ അവൻ അർഥപൂർണമാക്കുകയും ചെയ്യുന്നു. എന്നാൽ അവിടെയൊരു വ്യതിചലന സാധ്യത കൂടി നിലനിൽക്കുന്നുണ്ട്. 'അധികമായാൽ അമൃതും വിഷം' എന്നുണ്ടല്ലോ. ഭൗതികപ്രകൃതിയും മനുഷ്യനും തമ്മിലുള്ള പ്രതിപ്രവർത്തനം വിഹിതരൂപത്തിൽ തന്നെയായാലും കുറേ മുന്നോട്ടുപോകുമ്പോൾ 'ഇഖ്ലാദുൻ ഇലൽ അർദ്' (7:176), 'ഇസ്സാഖൽതുൻ ഇലൽ അർദ്' (4:38) അഥവാ 'മണ്ണിലേക്കുള്ള അധഃപതനം'എന്നു ഖുർആൻ സൂചിപ്പിച്ച അർഥത്തിലുള്ള ഒരു വ്യതിചലന സാധ്യത ഉണ്ടായിത്തീരും. അപ്പോഴും ഈ വിഷയത്തിലൊന്നും നിയമപരമായി 'അവിഹിതം' സംഭവിച്ചുകൊള്ളണമെന്നില്ല. പക്ഷേ മാനവികതയുടെ ഉന്നതമായ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്നതിലും ഉദാത്ത ലക്ഷ്യങ്ങൾക്കുവേണ്ടി ജീവാർപ്പണം വരെ നടത്താനുള്ള സന്നദ്ധതയും ഇഛാശക്തിയും മനുഷ്യനിലില്ലാതായിത്തീരും. ഇത് മാനവികതയിൽനിന്നുതന്നെയുള്ള പതനമാണ്. ഭൗതികമായി വ്യാഖ്യാനിക്കാനാവാത്ത ചില മൂല്യങ്ങളാണ് മാനവികതയുടെ കാതൽ. ആ മൂല്യങ്ങളെ ലക്ഷ്യമാക്കിയുള്ള നിരന്തര പ്രയാണമാണ് യഥാർഥത്തിൽ മാനവികതയെ ഉറപ്പുവരുത്തുന്നത്. മൂല്യസംരക്ഷണം മനുഷ്യന്റെ വിഷയമല്ലാതാകുന്നിടത്ത് മനുഷ്യൻ അവസാനിക്കുകയും മൃഗീയത ജനിക്കുകയും ചെയ്യും. അത്തരം 'മൃഗമനുഷ്യ'രെക്കുറിച്ച് ഖുർആൻ പരാമർശിക്കുന്നുണ്ട് (7:179). അതിനാൽ മനുഷ്യന്റെ ലൗകികത അംഗീകരിച്ചുകൊണ്ടുതന്നെ, ആത്മീയ തീവ്രതയിലേക്ക് പോകാതെ, എന്നാൽ സ്വൽപം കർക്കശമായിത്തന്നെ ഒരാത്മീയ നവീകരണത്തിനും പുനരുജ്ജീവനത്തിനും മനുഷ്യനെ വിധേയമാക്കേണ്ടതുണ്ട്. അതിനു വേണ്ടിയാണ് നോമ്പ് ഈ നിയന്ത്രണങ്ങളെല്ലാം കൊണ്ടുവരുന്നത്.

**തന്നെത്തേടി തന്നിലേക്കുതന്നെ പോകാനുള്ള ഒരവസരമാണ് റമദാൻ. തന്നെ സ്വയം കണ്ടെത്താൻ, ജീവിതത്തിന്റെ കുഴമറിച്ചിലിൽ എവിടെയൊക്കെയോ വെച്ച് എപ്പോഴൊക്കെയോ നഷ്ടപ്പെട്ട സ്വയം പരിശുദ്ധി വീണ്ടെടുക്കാനുള്ള അവസരം. 'നിങ്ങൾ തഖ്‌വയുള്ളവരാകാൻ' എന്ന് നോമ്പിന്റെ ലക്ഷ്യം കുറിക്കപ്പെട്ടതിന്റെ അർഥം ഇവിടെ വ്യക്തമാവുന്നു.**

### വർജനമുണ്ട്, സന്യാസമല്ല

കടുത്ത ഭക്ഷണ നിയന്ത്രണവും ലൈംഗികതാ നിയന്ത്രണവും ഏർപ്പെടുത്തുമ്പോൾ ഭൗതികശരീരത്തിന് ഞെരുക്കവും ലഘുത്വവും അനുഭവപ്പെടും. മനുഷ്യന്റെ ആത്മാവുണരും. വയർ കാലിയാവുമ്പോൾ ആത്മാവ് നിറയും. ലൈംഗിക സുഖത്തെക്കാളും വലിയ ആത്മീയ അനുഭൂതിയിലേക്കവനുയരും. എന്നാലിത് സന്യാസത്തിനുള്ള ന്യായീകരണമോ സ്ഥിരീകരണമോ ആകുന്നില്ല എന്നും സാന്ദർഭികമായി വ്യക്തമാക്കേണ്ടതുണ്ട്. നോമ്പ് മാത്രമെടുത്ത് നോക്കുന്ന ആൾക്ക് അങ്ങനെ തോന്നിയേക്കാമെങ്കിലും. കാരണം ജീവിതത്തെ അതിന്റെ സർഗാത്മകതയിലും ആഹ്ലാദങ്ങളിലും സംവിധാനിക്കുന്ന ഇസ്‌ലാമിലെ ബഹുവിധമായ ഏർപ്പാടുകളിൽ ഒന്നുമാത്രമാണ് നോമ്പ്. ഇസ്‌ലാമിനെ അതിന്റെ സാകല്യത്തിലെടുക്കുമ്പോൾ നോമ്പ് സന്യാസത്തിലേക്കുള്ള വാതായനമല്ലെന്നും ഇസ്‌ലാം വിഭാവന ചെയ്യുന്ന ആത്മീയവും ലൗകികവും കൂടിയായ ആഹ്ലാദങ്ങളിലേക്കും നന്മകളിലേക്കും മനുഷ്യനെ തിരിച്ചുകൊണ്ടുവരാനുള്ള ഒരു നവീകരണ പരിപാടിയാണെന്നും വ്യക്തമാവും. നോമ്പിന്റെ അവസാനം പെരുന്നാളാണ്. പെരുന്നാളിൽനിന്ന് വേർപ്പെട്ട് നോമ്പിനെ വ്യാഖ്യാനിക്കാനാവില്ല. നോമ്പിന്റെ രാത്രികാലങ്ങളിൽ ലൈംഗികതയും ഉത്തമ വിഭവങ്ങളും അനുവദനീയമാണെന്ന് പ്രഖ്യാപിക്കുക കൂടി ചെയ്തിരിക്കുന്നു ഖുർആൻ.

നോമ്പിനെ സംബന്ധിച്ച വിശദീകരണങ്ങളിൽ നിയന്ത്രണം പീഡനമായി പരിണമിക്കാതിരിക്കാനുള്ള മുൻകരുതലുകൾ കൈക്കൊണ്ടിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. ഒരാൾ രോഗിയോ യാത്രക്കാരനോ ആണെങ്കിൽ നോമ്പ് ഉപേക്ഷിക്കാമെന്നും പ്രസ്തുത ദിവസങ്ങളിൽ നഷ്ടപ്പെടുന്ന നോമ്പ് മറ്റു ദിവസങ്ങളിൽ നോറ്റുവീട്ടിയാൽ മതിയെന്നും വ്യക്തമാക്കി. വയോവൃദ്ധൻ, മുലയൂട്ടുന്ന സ്ത്രീ, ഗർഭിണി എന്നിവർക്ക് നോമ്പ് ഉപേക്ഷിക്കാവുന്നതാണെന്നും പകരമായി അഗതികൾക്ക് ആഹാരം നൽകിയാൽ മതിയെന്നും ഇബ്നു അബ്ബാസ്(റ) വ്യക്തമാക്കിയിട്ടുണ്ട്. "എന്നും നോമ്പെടുക്കുന്നവന് നോമ്പേയില്ല" (ബുഖാരി, മുസ്‌ലിം) എന്നും, വിസ്വാൽ (ഒന്നിലധികം നോമ്പുകൾ ചേർത്തനുഷ്ഠിക്കൽ) പാടില്ല എന്നും നബി (സ) പ്രസ്താവിച്ചു. കഠിനമായ ശാരീരിക ക്ലേശങ്ങൾ നേരിട്ടാൽ നോമ്പ് മുറിക്കാവുന്നതുമാണ്. ഇങ്ങനെ നോമ്പിലൂടെ സന്യാസത്തിന്റെ ആത്യന്തികതയിലേക്ക് പോകാനുള്ള എല്ലാ വാതിലുകളും അടച്ചുകളഞ്ഞിരിക്കുന്നു ഇസ്‌ലാം.

### ഞാൻ അടുത്തുതന്നെയുണ്ട്

നോമ്പ് രഹസ്യാത്മകവും വ്യക്തിപരവുമാണ്. നമസ്കാരം, സകാത്ത്, ഹജ്ജ്-ഇവയെല്ലാം ഒന്ന് ഒന്നിനേക്കാൾ പരസ്യവും. സാമൂഹിക സംവിധാനങ്ങളിലൂടെ നിർവഹിക്കപ്പെടുന്നതുമാണ്. നമസ്കാരത്തിലിത് മിക്കവാറും ചെറിയ ചെറിയ യൂനിറ്റുകളിൽ, പരിമിത വൃത്ത

ങ്ങളിൽ ആവിഷ്കരിക്കപ്പെടുന്ന പ്രാദേശിക സാമൂഹികതയാണ്. സകാത്തിൽ അത് ദേശത്തോളം വ്യാപിക്കുന്നു. ഹജ്ജ് നിർവഹിക്കപ്പെടുന്ന സാമൂഹിക ചട്ടം വിശ്വത്തോളം വലുതാണ്. നോമ്പിന്റെ വിരുദ്ധ സ്വഭാവത്തിലൂടെ ഇസ്‌ലാം ഇവിടെയും ഒരു സന്തുലിതത്വം കൊണ്ടുവരികയാണ്.

ആരാധനകളിൽ കൂടുതൽ വ്യക്തിപരതയും ആത്മനിഷ്ഠതയും കൈവരുന്നത് അഭിലഷണീയമാണ്. അത് ഏകാഗ്രത പ്രദാനം ചെയ്യും. അതുവഴി ധ്യാനത്തിന് കൂടുതൽ സൗകര്യം ലഭിക്കും. വ്യത്യസ്ത കർമങ്ങളുടെ സമുച്ചയമായ നമസ്കാരത്തിലും ഹജ്ജിലും നിയതമായ നിയമങ്ങൾക്കനുസൃതമായി കർമങ്ങളുടെ ബാഹ്യരൂപത്തെ നിരന്തരം ശരിപ്പെടുത്തേണ്ടതുണ്ട്. എന്നാൽ നോമ്പിനെ ഭരിക്കുന്ന ഇത്രയധികം ബാഹ്യ നിയമങ്ങളില്ല. അന്നപാനീയങ്ങളിൽനിന്നും ലൈംഗിക മോഹങ്ങളിൽനിന്നും വിട്ടുനിൽക്കുക എന്നതാണ് കാര്യമായിവിടെ വരുന്നത്. ശരീരമമരുകയും ആത്മാവുണരുകയും ചെയ്യുന്ന വേളകളാണ് നോമ്പിന്റേത് എന്ന് സൂചിപ്പിച്ചിരുന്നു. അത് നമ്മുടെ അകക്കണ്ണിനെ വല്ലാതെ തുറപ്പിക്കുന്നു. ഉള്ളിലേക്ക് നോക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ആത്മാവിന്റെ അനന്തലോകത്തേക്ക് അൽപാൽപം കടന്നുചെല്ലാൻ സൗകര്യം ലഭിക്കുന്നു. മനുഷ്യാത്മാവും അല്ലാഹുവുമായുള്ള നിരന്തര സമ്പർക്കത്തിന്റെ വേളകളാണത്. നിലാപാലാഴി കടന്ന്, ആകാശഗംഗ നീന്തി, പ്രകാശസാഗരതീരങ്ങളിൽ അനന്തമായ പ്രപഞ്ച മണ്ഡലങ്ങളിൽ വിശ്വാസിയുടെ ആത്മാവ് മിഅ്റാജും മുനാജാത്തും (അല്ലാഹുവുമായുള്ള കൂടിക്കാഴ്ച) നടത്തുന്ന വേളകളാണത്. നോമ്പിനെക്കുറിച്ച് വിവരിക്കുന്നതിനിടയിൽ 'ഞാൻ മനുഷ്യന്റെ അടുത്തുതന്നെയുണ്ട്' (2:186) എന്ന് അല്ലാഹു പറഞ്ഞതിന്റെ സാംഗത്യം നമുക്കിവിടെ മനസ്സിലാക്കാം. "നോമ്പ് എനിക്കുള്ളതാണ്. നാമാണതിന് പ്രതിഫലം നൽകുക" എന്ന് അല്ലാഹു പറഞ്ഞത്, മനുഷ്യനിൽനിന്ന് അല്ലാഹുവിലേക്കുള്ള അകലം അലിഞ്ഞില്ലാതാകുന്ന ഒരു സന്ദർഭത്തെയാണ് സൂചിപ്പിക്കുന്നത്.

## ആദിമവിശുദ്ധിയിലേക്കൊരു മടക്കം

തന്നെത്തേടി തന്നിലേക്കുതന്നെ പോകാനുള്ള ഒരവസരമാണ് റമദാൻ. തന്നെ സ്വയം കണ്ടെത്താൻ, ജീവിതത്തിന്റെ കുഴമറിച്ചിലിൽ എവിടെ

**ത്യാഗവും സഹനവും വിശപ്പും ദാഹവും പൂർണ സന്നദ്ധതയോടെ ഏറ്റുവാങ്ങി, നമസ്കാരവും ദിക്റും ഖുർആനും സ്വദഖയും എല്ലാം നിറഞ്ഞ വിശുദ്ധിയുടെ കുളിർ നദിയിൽ മുക്കി ഹൃദയത്തിന് വിശുദ്ധിയുടെ പത്തരമാറ്റ് സമ്മാനിക്കുന്ന ശ്രേഷ്ഠ കർമമാണ് യഥാർഥത്തിൽ നോമ്പ്.**



യൊക്കെയോ വെച്ച് എപ്പോഴൊക്കെയോ നഷ്ടപ്പെട്ട സ്വയം പരിശുദ്ധി വീണ്ടെടുക്കാനുള്ള അവസരം. 'നിങ്ങൾ തഖ്‌വയുള്ളവരാകാൻ' എന്ന് നോമ്പിന്റെ ലക്ഷ്യം കുറിക്കപ്പെട്ടതിന്റെ അർഥം ഇവിടെ വ്യക്തമാവുന്നു. 'തഖ്‌വ' എന്നത് സൂക്ഷ്മതയെയും സംരക്ഷണത്തെയും കുറിക്കുന്ന പദമാണ്. പ്രവർത്തനങ്ങളിലാകമാനം ദൈവഹിതങ്ങളെ സൂക്ഷ്മമായി പിന്തുടരാനും ആ സ്വഭാവത്തെ നിരന്തരമായി സംരക്ഷിച്ചുനിർത്താനുമുള്ള ജാഗ്രതയെ ആണത് ധ്വനിപ്പിക്കുന്നത്. ഈമാനിനെ ആത്മാവിന്റെ ആഴങ്ങളിലേക്കാവാഹിക്കുകയും വിശ്വാസത്തിന്റെ താൽപര്യങ്ങൾക്ക് നിരക്കാത്ത എല്ലാ പ്രവണതകളെയും വിചാരങ്ങളെയും ഞെക്കിപ്പുറത്തുകളയുകയും ചെയ്യുന്ന ഒരവസ്ഥയാണത്. വ്യക്തിയുടെ പ്രവർത്തനങ്ങളുടെ ഓരോ ബിന്ദുക്കളിലും വിശ്വാസത്തിന്റെ സാന്നിധ്യം തിളങ്ങി വിളങ്ങി നിൽക്കണം. ചെറുതും വലുതുമായ എല്ലാ കർമങ്ങളിലും വിശ്വാസത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയായി നിലകൊള്ളുന്നയാൾക്കാണ് മുത്തഖി എന്നു പറയുക. ഇവിടെയെത്താനുള്ള പടികളാണ് നോമ്പും റമദാനും. വർജനം മാർഗം മാത്രമാണ്; ലക്ഷ്യം തഖ്‌വയാണ്. ആത്മാവിന്റെ ആദിമ പരിശുദ്ധിയിലേക്കുള്ള മടക്കമാണതാവശ്യപ്പെടുന്നത്. സ്വീകാര്യമായ ഹജ്ജ് ചെയ്തവൻ നവജാത ശിശുവിന്റെ പരിശുദ്ധിയിലേക്ക് തിരിച്ചുവരും എന്ന് നബി(സ) വ്യക്തമാക്കിയിട്ടുണ്ട്. നിഷ്കളങ്കതയും നിർമലതയുമാണ് നവജാത ശിശുവിന്റെ ഭാവം. ഹജ്ജിന്റേതിൽനിന്ന് വ്യത്യസ്തമായ മറ്റു ചില മാർഗങ്ങളിലൂടെ നോമ്പും യത്നിക്കുന്നത് ഈ നിർമലതയിലേക്കും നിഷ്കളങ്കതയിലേക്കും മനുഷ്യനെ മടക്കിക്കൊണ്ടുവരാനാണ്.

നോമ്പിന്റെ ലക്ഷ്യമെന്ന നിലക്ക് തഖ്‌വ കുറച്ചുകൂടി വിശദീകരണമർഹിക്കുന്നുണ്ട്. ശാരീരിക രോഗങ്ങളേക്കാൾ അപകടകാരികളാണ് മനുഷ്യന്റെ ആന്തരിക സ്വത്വത്തെ ബാധിക്കുന്ന രോഗങ്ങൾ. ശാരീരിക രോഗങ്ങളാണെങ്കിൽ മനുഷ്യർക്ക് അനുഭവവേദ്യവും പരിഹാര മാർഗങ്ങൾ ഗവേഷണവിധേയവുമാണ്. അതിനാലാണ് ശാരീരിക രോഗങ്ങൾക്ക് നാട്ടുവൈദ്യം മുതൽ മൾട്ടി സ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഇന്ന് ലഭ്യമായിട്ടുള്ളത്. വൈവിധ്യങ്ങളും വൈരുധ്യങ്ങളും നിറഞ്ഞ ഒരു വലിയ ലോകമാണ് ശാരീരിക ചികിത്സയുടേത്. എന്നാൽ ഹൃദയരോഗങ്ങളെ മിക്കവാറും രോഗിതന്നെ സമ്മതിച്ചുകൊടുക്കില്ല. അവയുടെ പരിഹാരം ഗവേഷണ വിധേയവുമല്ല. ഇത്തരം നിരവധി രോഗങ്ങളെ ഖുർആൻ പേരെടുത്ത് പറയുന്നുണ്ട്. ഖസ്‌വത് (കാഠിന്യം), ഗിൽദത്ത് (പരുഷത), ഗഫ്‌ലത് (ദൈവവിസ്മൃതി), അദ്മുൽ ഫിഖ്ഹ് (ചിന്താശൂന്യത), ഉംയതുൽ ഖൽബ് (ഹൃദയാന്ധത), ഖുഫ്‌ലുൽ ഖുലൂബ് (ഹൃദയം താഴിട്ടുപോകൽ), ഗുൽഫ് (അടഞ്ഞുപോകൽ), സൈഗ് (വക്രത) തുടങ്ങിയവ അവയിൽ ചിലതാണ്. ഹൃദയത്തെ സദാ കീഴടക്കാൻ വേണ്ടി നമുക്കു ചുറ്റും ധർമരാഹിത്യത്തിന്റെ ചവറ്റുകൂനകളിൽ ഇത്തരം രോഗങ്ങളുടെ അണുക്കൾ സദാ ജാഗ്രമാണ്. ചെറിയ അശ്രദ്ധയും വിസ്മൃതിയും പോലും തിരിച്ചുവരാനാകാത്ത പതനത്തിലേക്ക് നമ്മെ എത്തിച്ചേക്കും.

മനുഷ്യന് സ്വന്തം നിലക്ക് ഹൃദയ രോഗങ്ങൾക്ക് പരിഹാരം കണ്ടെത്താൻ അസാധ്യമായതിനാൽ അല്ലാഹു ആ ഭാരം മനുഷ്യനിൽ ചുമത്തിയിട്ടില്ല. ശാരീരിക രോഗങ്ങൾക്ക് ഔഷധങ്ങൾ പ്രകൃതിയിൽ തന്നെ നിക്ഷേപിച്ച അല്ലാഹു, ഹൃദയ രോഗങ്ങൾക്കുള്ള ഔഷധങ്ങൾ മറ്റു മാർഗങ്ങളിലൂടെ മനുഷ്യന് എത്തിച്ചുകൊടുത്തിട്ടുണ്ട്. പ്രവാചകന്മാരും ആകാശഗ്രന്ഥങ്ങളുമാണത്. ഖുർആനെ പരിചയപ്പെടുത്തിക്കൊണ്ട് അല്ലാഹു പറയുന്നു: "ജനങ്ങളേ, നിങ്ങളുടെ നാഥന്റെ ഉപദേശവചനങ്ങൾ നിങ്ങൾക്കിതാ വന്നെത്തിയിരിക്കുന്നു. അത് ഹൃദയരോഗങ്ങൾക്കുള്ള ഔഷധമാകുന്നു..." (10:57). ഖുർ

## വ്രതം: തിരുവചനങ്ങളിൽ



* മാസപ്പിറവി കണ്ടാൽ നിങ്ങൾ നോമ്പനുഷ്ഠിക്കുക. പിറവി കണ്ടാൽ നോമ്പ് അവസാനിപ്പിക്കുകയും ചെയ്യുക. ആകാശം മേഘാവൃതമായി കണ്ടാൽ മുപ്പത് പൂർത്തിയാക്കുക (ബുഖാരി, മുസ്‌ലിം).

* വിശ്വസിച്ചും പ്രതിഫലമാഗ്രഹിച്ചും ഒരാൾ നോമ്പനുഷ്ഠിച്ചാൽ അവന്റെ മുൻകാല പാപങ്ങൾ പൊറുക്കപ്പെടുന്നതാണ് (ബുഖാരി, മുസ്‌ലിം).

* എല്ലാ വസ്തുവിനും സകാത്തുണ്ട്. ശരീരത്തിന്റെ സകാത്ത് നോമ്പാകുന്നു (ഇബ്നു മാജ).

* നിങ്ങൾ അത്താഴം കഴിക്കുക. കാരണം അത്താഴത്തിൽ ബറകത്തുണ്ട് (ബുഖാരി, മുസ്‌ലിം).

* നോമ്പ് ഒരു പരിചയാകുന്നു. തെറ്റായ കാര്യങ്ങളും അനാവശ്യ സംസാരങ്ങളും നോമ്പുകാരൻ ഉപേക്ഷിക്കണം. ആരെങ്കിലും അവനോട് വഴക്കിന് വന്നാൽ ഞാൻ നോമ്പുകാരനാണെന്ന് പറഞ്ഞുകൊള്ളട്ടെ (ബുഖാരി, മുസ്‌ലിം).

* നോമ്പുകാരൻ ചീത്തവാക്കും പ്രവൃത്തിയും ഉപേക്ഷിക്കുന്നില്ലെങ്കിൽ അവൻ അന്നപാനീയങ്ങൾ ഒഴിവാക്കുന്നതിൽ അല്ലാഹുവിന് യാതൊരു ആവശ്യവുമില്ല (ബുഖാരി).

* നിങ്ങളിലാരെങ്കിലും മറന്നു കൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്താൽ അവന്റെ നോമ്പ് അതുകൊണ്ട് നഷ്ടപ്പെടുന്നതല്ല. നിശ്ചയം അല്ലാഹുവാണ് അവനെ തീറ്റിയതും കുടിപ്പിച്ചതും (ബുഖാരി, മുസ്‌ലിം).

**സമ്പാ: എം. അശ്റഫ് ഫൈസി കാവനൂർ**

ആൻ ഹൃദയ രോഗങ്ങൾക്ക് ഔഷധമാണ് എന്നു പറയുന്നത് ഒരു പ്രത്യേക അർഥത്തിലാണ്. ഖുർആൻ മുന്നോട്ടുവെക്കുന്ന സംസ്കരണ പദ്ധതിയാണതിന്റെ ഉദ്ദേശ്യം. വിശ്വാസവും സൽക്കർമവും ചേരുന്ന ഒരു പാതയാണത്. ഇതിൽ ഏറ്റവും അടിസ്ഥാനപരമായ സൽക്കർമങ്ങളായി സ്ഥാനം പിടിച്ചിട്ടുള്ളത് ദീനിന്റെ സ്തംഭങ്ങളെന്ന് റസൂൽ വിവരിച്ചിട്ടുള്ള അനുഷ്ഠാന കർമങ്ങളാണ്. നോമ്പ് അവയിൽ പെട്ടതാണല്ലോ.

### 'കണ്ണാടി വ്യക്തിത്വ'ത്തിലേക്ക്

ഹൃദയരോഗങ്ങൾക്കെതിരിൽ മുൻകൂറായിത്തന്നെ പ്രതിരോധം തീർക്കുന്നുവെന്നതും, വന്നുപോയ രോഗങ്ങളിൽനിന്നും മോചനം പ്രാപിക്കാൻ ഉപകാരപ്പെടുന്നു എന്നതുമാണ് നമസ്കാരം ഉൾപ്പെടെ വർഷം മുഴുവൻ നാം ചെയ്യുന്ന ഇബാദത്തുകളുടെ ഒരു ഫലം. "അവരെ ശുദ്ധീകരിക്കുകയും ആത്മാവിന് ശുദ്ധി ഏകുകയും ചെയ്യുന്ന സകാത്ത് അവരുടെ ധനത്തിൽനിന്ന് സ്വീകരിക്കുക" (9:103) എന്നും, "നിശ്ചയം നമസ്കാരം മ്ലേഛവും മോശവുമായ കാര്യങ്ങളിൽനിന്ന് തടയുന്നു" (24:49) എന്നും, ഹജ്ജിനെക്കുറിച്ച് പറയുമ്പോൾ "നിങ്ങൾ പാഥേയമൊരുക്കിക്കൊള്ളുക. ഏറ്റവും നല്ല പാഥേയം 'തഖ്‌വ'യാകുന്നു. അല്ലയോ ബുദ്ധിമതികളേ, എന്നോട് 'തഖ്‌വ' പുലർത്തുക" (2:197) എന്നും വ്യക്തമാക്കുന്നുണ്ട്. മറ്റുള്ള ഇബാദത്തുകളിലൂടെത്തന്നെ ദൈവസ്മരണയുടേതായ ഒരു സുരക്ഷിത കവചം ഹൃദയത്തിനു ചുറ്റും സൃഷ്ടിക്കപ്പെടുന്നു. അതുവഴി ഹൃദയത്തിന്റെ പ്രതിരോധ ശേഷിയും ഔഷധങ്ങളുമെല്ലാം നിരന്തരം നവീകരിക്കപ്പെടുന്നുണ്ട്. എന്നാൽ പാപസാധ്യത ധാരാളമുള്ള ലോകത്ത്, ഹൃദയ രോഗങ്ങളുടെ നിരന്തരമായ ആക്രമണത്തിനും കീഴടക്കലിനുമുള്ള സാധ്യത പലപ്പോഴും അവിടെ നിലനിൽക്കുന്നുണ്ട്. അതുകൂടി കണക്കിലെടുത്തുകൊണ്ടുള്ള ഒരു പ്രതിരോധ, ചികിത്സാ സംവിധാനം ആവശ്യമുണ്ട്. അതിനാണ് നോമ്പ് കളമൊരുക്കുന്നത്. നോമ്പിന്റെ എല്ലാ ദിവസങ്ങളും പശ്ചാത്താപത്തിന്റേതും വിശ്വാസജീവിത മാർഗത്തിൽ പുതിയ ദൃഢനിശ്ചയങ്ങളുടേതുമാകുന്നു. വിശേഷിച്ചും രണ്ടാമത്തെ പത്ത് പാപമോചനത്തിന്റെ ദിവസങ്ങൾ എന്നാണറിയപ്പെടുന്നത്. ആത്മവിചിന്തനത്തിനുള്ള ഇത്ര ബൃഹത്തും വിപുലവുമായ ഒരവസരവും മറ്റൊരിടത്തും സൃഷ്ടിക്കപ്പെടുന്നില്ല. ത്യാഗവും സഹനവും വിശപ്പും ദാഹവും പൂർണ സന്നദ്ധതയോടെ ഏറ്റുവാങ്ങി, നമസ്കാരവും ദിക്‌റും ഖുർആനും സ്വദഖയും എല്ലാം നിറഞ്ഞ വിശുദ്ധിയുടെ കുളിർ നദിയിൽ മുക്കി ഹൃദയത്തിന് വിശുദ്ധിയുടെ പത്തരമാറ്റ് സമ്മാനിക്കുന്ന ശ്രേഷ്ഠ കർമമാണ് യഥാർഥത്തിൽ നോമ്പ്. നോമ്പിന്റെ ഒടുവിൽ ഹൃദയത്തിൽ വിശ്വാസം കൊണ്ടലങ്കാരദീപം തൂക്കുന്ന ഒരവസ്ഥയിലേക്ക് (സയ്യനഹു ഫീ ഖുലൂബികും), പ്രശാന്തതയിലേക്ക് (ത്വുമഅ്നീനത്ത്), സുരക്ഷിത ഹൃദയത്തിലേക്ക് (ഖൽബുൻ സലീം) മനുഷ്യനെത്തിച്ചേരും. അഥവാ ജീവിതത്തിന്റെ എല്ലാ ബിന്ദുക്കളിലും ദൈവഹിതത്തെ സൂക്ഷ്മവും സ്ഥൂലവുമായി പ്രതിഫലിപ്പിക്കുന്ന ഒരു 'കണ്ണാടി വ്യക്തിത്വം' ആയിത്തീരും മനുഷ്യൻ. അയാൾക്കാണ് മുത്തഖി എന്നു പറയുക. ■